**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **09-06-2021 - ൽ മറുപടിയ്ക്ക്**

**നിലക്കൽ ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി നിയോജകമണ്ഡലത്തിലെ നിലക്കൽ ജലസേചന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ; | (എ) | നിലക്കൽ ജലസേചന പദ്ധതി എന്ന പേരിൽ പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളായ ഇൻടേക് കിണർ, പമ്പ് ഹൗസ് , 13 MLD ജല ശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലൾപ്പെടുത്തിയ പ്രവൃത്തികൾ 4 പാക്കേജു കളായാണ് നടപ്പാക്കുന്നത് . പാക്കേജ് 1-ൽ ഉൾപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരവേ തൊഴിൽ തർക്കം മൂലം ഇപ്പോൾ പണികൾ കരാറുകാരൻ നിർത്തി വച്ചിരിക്കുകയാണ് . പാക്കേജ് 1 ലെ പ്രവൃത്തികൾ 2021 സെപ്റ്റംബർ-മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ പ്രവൃത്തികൾ പൂർത്തിയായി. 2-ാം ഘട്ടത്തിലെ ഘടകങ്ങൾ 4 പാക്കേജുകളായാണ് ക്രമീകരിച്ചിട്ടുള്ളത് . ഇതിൽ പാക്കേജ് 1 ലെ പ്രവൃത്തികളിൽ 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള മൂന്നു ഉപരിതല ജലസംഭരണികളിൽ 2 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 22870 മീറ്റർ വിവിധ ഇനം പൈപ്പുകളിൽ (508 mm MS-22170 m) 500 എം.എം. ഡി.ഐ.- 500m, 200mm- 200 മീ) എന്നിവയിൽ 8764 മീറ്റർ പൈപ്പ് സപ്ലൈ ചെയ്തു. ആങ്ങമൂഴി-പ്ലാപ്പള്ളി റോഡിൽ 5670 മീറ്റർ സ്ഥാപിച്ചു. പ്രാദേശിക തൊഴിൽ തർക്കത്തെ തുടർന്ന് ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ കരാറുകാരൻ നിർത്തിവച്ചിരിക്കുകയാണ് . വനപ്രദേശത്ത് നിർമ്മിക്കേണ്ട മൂന്ന് ബൂസ്റ്റിംഗ് സ്റ്റേഷനുകൾക്ക് വേണ്ട സ്ഥലത്തുള്ള മരങ്ങൾ ലേലം നടത്തുന്നതിനുള്ള നടപടികൾ ചീഫ് കൺസർവേറ്റർ |

| | | | |
|---|---|---|---|
| | | | ഓഫ് ഫോറസ്റ്റ് ഓഫീസിൽ പുരോഗമിക്കുന്നു. പമ്പ് സെറ്റുകളുടെ മോട്ടോറുകൾ പരിശോധന പൂർത്തിയായി സൈറ്റിൽ എത്തിച്ചിട്ടുണ്ട് . വനത്തിനുള്ളിലെ മൂന്ന് ബൂസ്റ്റിംഗ് സ്റ്റേഷനുകൾ, ജലശുദ്ധീകരണ ശാലയ്ക്ക വേണ്ടിയുള്ള സബ്സ്റ്റേഷൻ എന്നിവയുടെ ഡിസൈൻ കരാറുകാരൻ സമർപ്പിച്ചു. ആയതിന്റെ സൂക്ഷ്മ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. പാക്കേജ് 2-ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, 3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികളുടെ നിർമ്മാണം, 3 ലക്ഷം ലിറ്റർ, 0.6 ലക്ഷം ലിറ്റർ ശേഷിയുള്ള 2 സമ്പ് കം പമ്പ് ഹൗസ് നിർമ്മാണം, 4 ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, വിവിധ ജലസംഭരണികളിൽ നിന്നും സീതത്തോട് പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടന്നുവരുന്നു. ജലസംഭരണികൾ പണിയുന്നതി നാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ പുരോഗമിക്കുന്നു. പാക്കേജ് 3-ൽ ഉൾപ്പെട്ട 0.6 ലക്ഷം, 0.3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകളുടെ നിർമ്മാണം, 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടന്നുവരുന്നു . റോഡ് റിസ്റ്റോറേഷൻ ചാർജ്ജ്, പവർ ലൈൻ എക്സ്റ്റെൻഷൻ, വനംവകുപ്പിനുള്ള നഷ്ടപരിഹാരം, സർവ്വേ ഇൻവെസ്റ്റിഗേഷൻ എന്നിവയാണ് പാക്കേജ് 4-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് . |

സെക്ഷൻ ഓഫീസർ